തടഞ്ഞുവയ്ക്കുക തുടങ്ങിയ നിബന്ധനകളാണ് യു.ജി.സി. ബ്ലാക്ക് ലിസ്റ്റിലെ പട്ടികയിൽ നിന്നും പ്രസ്തുത കോളേജിനെ ഒഴിവാക്കാനായി നിർദ്ദേശിക്കുന്നത്. പ്രസ്തുത സെന്ററിന്റെ ഡയറക്ടർക്കെതിരായി കോഴിക്കോട് വിജിലൻസ് ട്രിബ്യൂണലിൽ കേസ് നടക്കുകയാണ്. ഡയറക്ടർക്കെതിരെയുള്ള അച്ചടക്ക നടപടി പൂർത്തിയായി പ്രസ്തുത കോളേജിനെ ബ്ലാക്ക് ലിസ്റ്റിൽ നിന്നും ഒഴിവാക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

**പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷൻ റിസർവേഷൻ ക്വാട്ട ഏർപ്പെടുത്താൻ നടപടി**

**67 (2926)** ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രപതിയുടെ അവാർഡ് നേടുന്ന സ്കൗട്സ് ആന്റ് ഗൈഡ്സ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിലെ അഡ്മിഷന് റിസർവേഷൻ ക്വാട്ടാ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അവർക്ക് പ്രൊഫഷണൽ കോളേജുകളിലെ അഡ്മിഷന് റിസർവേഷൻ ക്വാട്ടാ ഏർപ്പെടുത്തുവാൻ വേണ്ട നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) മെരിറ്റ് വിഭാഗത്തിലും റിസർവേഷൻ വിഭാഗത്തിലും ലഭ്യമായ സീറ്റുകളുടെ എണ്ണത്തിൽ കുറവ് വരുമെന്ന കാരണത്താൽ ഈ നിർദ്ദേശം സർക്കാർ പരിഗണനയിലില്ല.

**സ്കൗട്സ് ആന്റ് ഗൈഡ്സിന് പ്രൊഫഷണൽ കോഴ്സുകളിൽ സംവരണം നൽകാൻ നടപടി**

**68 (2927)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്ക് പ്രവേശനം നൽകുന്നതിനായി വിവിധ മതവിഭാഗങ്ങൾ, സ്പോർട്സ്, എൻ.സി.സി. കലാതിലകം/കലാപ്രതിഭ, എക്സ് സർവ്വീസുകാരുടെ ആശ്രിതർ, അംഗവൈല്യമുള്ളവർ തുടങ്ങിയവർക്ക് നിശ്ചിത എണ്ണം സീറ്റ് സംവരണം ചെയ്തിട്ടുണ്ടെങ്കിലും പ്രസിഡന്റിന്റെ അവാർഡ് നേടുന്ന സ്കൗട്ട്സ് ആന്റ് ഗൈഡ്സിന് ഈ ആനുകൂല്യം നൽകിയിട്ടില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള സീറ്റുകളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ എൻ.സി.സി.-ക്കാർക്ക് നൽകുന്നതുപോലെ അടുത്ത വർഷം മുതൽ എങ്കിലും പ്രസിഡന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അവാർഡ് നേടുന്ന സ്കൗട്ട്സ് ആന്റ് ഗൈഡ്സിനും പ്രൊഫഷണൽ കോഴ്സുകളിൽ നിശ്ചിത എണ്ണം സീറ്റുകൾ സംവരണം ചെയ്യാമെന്ന ഉറപ്പ് നടപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മെരിറ്റ് വിഭാഗത്തിലും റിസർവേഷൻ വിഭാഗത്തിലും ലഭ്യമായ സീറ്റുകളുടെ എണ്ണത്തിൽ കുറവ് വരുമെന്ന കാരണത്താൽ ഈ നിർദ്ദേശം നടപ്പിലാക്കുന്ന കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

**ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകൾ**

**69 (2928)** ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഏതെല്ലാം എഞ്ചിനീയറിംഗ് കോളേജുകളാണ് നവീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഇതിന് എത്ര രൂപയുടെ കേന്ദ്ര സഹായമാണ് ലഭിക്കുന്നത് ; ഒരോ എഞ്ചിനീയറിംഗ് കോളേജിനും എത്ര രൂപയാണ് ലഭിക്കുവാൻ സാദ്ധ്യത എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളായ ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളേജ്, മോഡൽ എഞ്ചിനീയറിംഗ് കോളേജ് (എറണാകുളം), എൽ. ബി. എസ്സിന്റെ സ്ഥാപനമായ എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, (കാസർഗോഡ്), കെ.എസ്.ആർ.ടി.സി.-യുടെ നിയന്ത്രണത്തിലുള്ള എസ്.സി.റ്റി. കോളേജ് (തിരുവനന്തപുരം), മൈനോറിറ്റി സ്ഥാപനമായ എം.ഇ.എസ്. കോളേജ് (കുറ്റിപ്പുറം) എന്നിവയാണ് നവീകരിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) ലീഡ് സ്ഥാപനമായി തെരഞ്ഞെടുക്കപ്പെട്ട തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന് 5 വർഷത്തേക്ക് 50-60 കോടി രൂപയും മറ്റ് നെറ്റ് വർക്ക് സ്ഥാപനങ്ങൾക്ക് 10-12 കോടി രൂപയും ലഭിക്കാൻ സാദ്ധ്യതയുണ്ട്. ആകെ 100 മുതൽ 120 കോടി രൂപയുടെ സഹായമാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly